കളക്ടറേറ്റ്,തൃശ്ശൂർ
പിൻകോഡ്-680003

ടെലിഫോൺ നമ്പർ-0487-2433455,2433458

Website-www.thrissur.nic.in

email-tsrcoll.ker@nic.in, dyclatsr.ker@nic.in

**തൃശ്ശൂർ ജില്ലാ കളക്ടറുടെ നടപടിക്രമം**
**(ഹാജർ:- ഹരിത വി കുമാർ , ഐ.എ.എസ്.)**

വിഷയം: RFCTLARR Act 2013- സ്ഥലം ഏറ്റെടുക്കൽ - കൊടുങ്ങല്ലൂർ താലൂക്ക് - പുല്ലൂറ്റ്/ ലോകമല്ലേശ്വരം വില്ലേജ്- പുല്ലൂറ്റ് സമാന്തര പാലം നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സമുചിത ഗവണ്മെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 09.10.2017 ലെ എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം, എറണാകുളത്തിന്റെ എ 2-15/2012/ഇഇ നമ്പർ കത്തും അർത്ഥനയും

2. ഈ കാര്യാലയത്തിലെ 20.10.2017 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

3.14.10.2020 തിയ്യതിയിലെ വാല്യം 9,2408-ാം നമ്പർ കേരള അസാധാരണ ഗസറ്റ് വിജ്ഞാപനം.

4. ഈ കാര്യാലയത്തിലെ 12.10.2020 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

5. 03.02.2021 തിയ്യതിയിലെ റവന്യൂ(ബി) വകുപ്പിന്റെ G.O.(Rt)No.433/2021/RD നമ്പർ ഉത്തരവ്

6. സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ ഭാരത് മാതാ എക്സ്റ്റൻഷൻ ഫോർ ഓർഗാനിക് റിസർച്ച് & എൻവയോൺമെന്റ്, തൃക്കാക്കര പ്രോജക്റ്റ് കോഡിനേറ്റർ 24.02.2021 തിയ്യതിയിൽ സമർപ്പിച്ച സാമൂഹ്യ ആഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ റിപ്പോർട്ട്

7. വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ടുള്ള ഈ കാര്യാലയത്തിലെ 10.07.2021 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം

8. വിദഗ്ധസമിതി ചെയർപേഴ്സൺ ഡോ. **രമ്യ.ആർ. അസി. പ്രൊഫസർ ,** സാമ്പത്തിക ശാസ്ത്ര വിഭാഗം മേധാവി**, ശ്രീ സി .അച്യുതമേനോൻ ഗവ.കോളേജ്, കുട്ടനെല്ലൂർ,** തൃശ്ശൂർ എന്നവർ 02.09.2021 ന് സമർപ്പിച്ച വിദഗ്ധ സമിതി റിപ്പോർട്ട്.

തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിലെ പുല്ലൂറ്റ് വില്ലേജ് സർവ്വെ 561/1, 561/2 ഉം ലോകമല്ലേശ്വരം വില്ലേജ് സർവ്വെ 373/3, 375/2, 375/3, 376/6, 1089/3 എന്നിവയിൽ ഉൾപ്പെട്ട 0.428 ഹെക്ടർ (42.80 ആർ) ഭൂമി പുല്ലൂറ്റ് സമാന്തര പാലം നിർമ്മാണത്തിനായി പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നതിന് പരാമർശം(1) പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) വിഭാഗം, എറണാകുളത്തിന്റെ അർത്ഥനയും അനുബന്ധരേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം(2) പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, തൃശ്ശൂരിനെ ലാൻഡ് അക്വിസിഷൻ ഓഫീസർ ആയി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013-ലെ സെക്ഷൻ (4) പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ ഭാരത് മാതാ എക്സ്റ്റൻഷൻ ഫോർ ഓർഗാനിക് റിസർച്ച് & എൻവയോൺമെന്റ്, തൃക്കാക്കര പ്രോജക്റ്റ് കോഡിനേറ്ററിനെ നിയമിച്ചിട്ടുള്ളതും, ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള

Form (4) വിജ്ഞാപനം പരാമർശം(3) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

പരാമർശം (4)പ്രകാരം ഈ പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഫയൽ തൃശ്ശൂർ സ്പെഷൽ തഹസിൽദാർ എൽ.എ ജനറലിന്റെ കാര്യാലയത്തിൽ നിന്നും തൃശ്ശൂർ സ്പെഷൽ തഹസിൽദാർ എൽ.എ കിഫ്ബി കാര്യാലയത്തിലേക്ക് 12.10.2020 തിയ്യതിയിൽ കൈമാറി നൽകിയിട്ടുള്ളതാണ്.

അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് വകുപ്പ്(പാലങ്ങൾ) വിഭാഗം, എറണാകുള◌ം സമർപ്പിച്ച അർത്ഥനയിലെ പുല്ലൂറ്റ് വില്ലേജ് സർവ്വെ 561/1, 561/2 ഉം ലോകമല്ലേശ്വരം വില്ലേജ് സർവ്വെ 373/3, 375/3, 376/6, 1089/3 എന്നിവയിൽ ഉൾപ്പെട്ട 0.1989 ഹെക്ടർ (19.89 ആർ) ഏറ്റെടുക്കുന്നതിനും പുല്ലൂറ്റ് വില്ലേജ് സർവ്വെ 559/3 ഉം, ലോകമല്ലേശ്വരം വില്ലേജ് സർവ്വെ 373/2 എന്നി സർവ്വെ നമ്പറുകൾ ഒഴിവാക്കി കൊണ്ട◌ും റവന്യൂ(ബി) വകുപ്പിന്റെ 03.02.21 തിയ്യതിയിലെ G.O.(Rt)No.433/2021/RD ഉത്തരവ് പ്രകാരം പരിഷ്കരിച്ച ഉത്തരവ് പരാമർശം (5)പ്രകാരം ലഭ്യമായിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത പഠനം സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് പരാമർശം(6) പ്രകാരം സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം (7) പ്രകാരം വിദഗ്ധ സമിതിയെ രൂപീകരിച്ച് ഉത്തരവായിട്ടുള്ളതുമാണ്. വിദഗ്ധ സമിതി പരാമർശം (8) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് വിശദമായി പഠിച്ചതിന്റെ അടിസ്ഥാനത്തിലും , സ്ഥല സന്ദർശനത്തിന്റെയും, സമിതി അംഗങ്ങളുടെ ചർച്ചകളിലൂടെയും വിദഗ്ധ സമിതിക്കു ബോധ്യപ്പെട്ട പ്രധാന വിലയിരുത്തലുകൾ താഴെ പറയും പ്രകാരമാണ്.

തൃശ്ശൂർ ജില്ലയിലെ പുല്ലൂറ്റ് സമാന്തര പാലനിർമ്മാണവും അനുബന്ധ ഭൂമി ഏറ്റെടുക്കലും ഒരു പൊതു ആവശ്യമായി കാണാവുന്നതാണെന്നും പ്രസ്തുത പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ ഗതാഗതകുരുക്ക് കുറക്കുവാനും അതിലുപരി മുസിരിസ് പൈതൃക പദ്ധതിയുടെ വികസനത്തിനും തന്മൂലം കൊടുങ്ങല്ലൂർ നഗരത്തിന്റെ സമഗ്രവികസനത്തിനു ഈ സമാന്തര പാല നിർമ്മാണം സഹായിക്കുമെന്നതും വിദഗ്ധ സമിതി വിലയിരുത്തിയിട്ടുണ്ട്. സുഗമമായ ഗതാഗതം എന്നത് ഏറ്റവും പരമപ്രധാനമായ ഒരു സാമൂഹിക ആവശ്യം ആണ് എന്നുള്ളതും, കാൽനട പാത കൂടെ ഉള്ള പുതിയ പാലം പദ്ധതി പ്രദേശത്തിനും അനുബന്ധ പ്രദേശങ്ങൾക്കും വളരെയധികം പ്രയോജനപ്രദമാകും. പദ്ധതിയുടെ ആനുകൂല്യങ്ങൾ നിരവധി ജനങ്ങളിലേക്ക് എത്തും എന്നുള്ളതിനാലും പുല്ലൂറ്റ് സമാന്തര പാല പദ്ധതി നിർദ്ദിഷ്ട മുനിസിപ്പാലിറ്റിയിൽ വരുന്നതിന്റെ ഭാഗമായി സാമൂഹിക വികസനം നടക്കും എന്നതിലും തർക്കമില്ല. ഇതിലും അനുയോജ്യമായ ഒരു സ്ഥലം ഈ പദ്ധതിക്ക് നിർദ്ദിഷ്ട പ്രദേശങ്ങളിൽ കണ്ടെത്താൻ കഴിയില്ല എന്നതാണ് വിദഗ്ധ സമിതിയുടെ അഭിപ്രായം. ആയതിനാൽ ഏറ്റവും അനുയോജ്യമായ ഈ സ്ഥലം തന്നെ സമാന്തര പാലത്തിന്റെ നിർമ്മാണത്തിനായി ഏറ്റെടുത്തു മേൽ നടപടികൾക്കായി പരിഗണിക്ക◌ാവുന്നതാണെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരവും 22/12/2020 ന നടന്ന പബ്ലിക് ഹിയറിംഗിൽ പുല്ലൂറ്റ് സമാന്തര പാല പദ്ധതിക്കായി നിലവിലുള്ള അലൈൻമെന്റ് എതിർവശത്തായി അതായതു പാലത്തിനു തെക്കു വശത്തു മറ്റൊരു അലൈൻമെന്റിനെക്കുറിച്ച് പ്രതിപാദിക്കുകയുണ്ടായിട്ടുണ്ട്. പക്ഷെ അങ്ങനെ ഒരു അലൈൻമെന്റുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ അധികാരികളിൽ നിന്നും കണ്ടെത്തി പഠന റിപ്പോർട്ടിൽ ചേർക്കുവാൻ, സാമൂഹിക പ്രത്യാഘാത പഠനം നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനു കഴിഞ്ഞിട്ടില്ല. ആയതിനാൽ അങ്ങനെ ഒരു അലൈൻമെന്റോ അതിനോടനുബന്ധിച്ച ഭൂമി ഏറ്റെടുക്കലോ ഒന്നും തന്നെ രേഖാമൂലം വിദഗ്ധ സമിതിക്കു ബോധ്യപ്പെട്ടിട്ടില്ല എന്നും തന്മൂലം ഇപ്പോൾ നിലവിലുള്ള അലൈൻമെന്റുമായിതന്നെ മുന്നോട്ട് പോയി സമാന്തര പാല നിർമ്മാണം എത്രയും പെട്ടെന്ന് തുടങ്ങണം എന്നും വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് പ്രകാരം ഈ പദ്ധതിക്ക് വേണ്ടി 19 പേരുടെ ഉടമസ്ഥതയിൽ ഉള്ള 18 വസ്തുവഹകളിൽ നിന്നാണ് ഭൂമി ഏറ്റെടുക്കുന്നത്. ആയതിൽ ഒരു കുടുംബം ഈ പ്രദേശത്തുനിന്നും കുടി ഒഴിയേണ്ടി വരുമെന്നും, 5 കുടുംബങ്ങൾക്ക് അവരുടെ വീടുകൾ വാസ യോഗ്യമല്ലാതാവുകയും ആ പ്രദേശത്തും തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന 3 കുടുംബങ്ങളുടെ മുഖ്യ ജീവനോപാധിയെ പ്രതികൂലമായി ബാധിക്കുമെന്നും അത് പോലെ തന്നെ ബിസിനസ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന രണ്ടു കെട്ടിട നിർമ്മിതികൾ പൊളിച്ചു നീക്കേണ്ടതായിട്ടും വരുമെന്നും തന്മൂലം ആ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുടുംബങ്ങൾക്ക് പരോക്ഷമായ പ്രത്യാഘാതങ്ങൾ നേരിടേണ്ടി വരും എന്ന് പ്രതിപാദിക്കുന്നുണ്ട്. ആയതിനാൽ ഏറ്റെടുക്കുന്ന ഭൂമിയുടെ ഉടമസ്ഥർക്ക് ന്യായമായ നഷ്ടപരിഹാരം നൽകണം എന്നുള്ളതും അതോടൊപ്പം ആഘാത ബാധിത കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്യേണ്ടതാണെന്നും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനും അവകാശം നിയമം 2013 ഉം അതിനോടനുബന്ധിച്ച കാലാകാലങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവുകൾ പാലിച്ചു കൊണ്ടും പ്രത്യാഘാതങ്ങൾ നേരിടുന്ന കുടുംബങ്ങളെ പരിഗണിച്ചുകൊണ്ടും പുനരധിവാസ പുനഃസ്ഥാപിത പ്രവർത്തനങ്ങൾക്ക് നഷ്ടപരിഹാരം നൽകണം എന്നും വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

ഈ സമാന്തര പാല നിർമ്മാണ പദ്ധതി ഒരു പൊതുവായ സാമൂഹികാവശ്യം ആണെന്നും, ഈ പദ്ധതിക്ക് പ്രാദേശികമായ വലിയ ഒരു പിന്തുണ ഉണ്ടെന്നും വിദഗ്ധ സമിതിക്ക് സ്ഥല സന്ദർശനത്തിന്റെ ഭാഗമായി ബോധ്യപ്പെടുകയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹിക ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ചു വളരെ കൂടുതലാണെന്നു വിദഗ്ധ സമിതിക്കു ബോധ്യപ്പെട്ടു . ആയതിനാൽ വിദഗ്ധ സമിതി RFCTLARR ACT 2013 ലെ ബന്ധപ്പെട്ട വകുപ്പുകളിലെയും ചട്ടങ്ങൾക്കും വിധേയമായി, തൃശൂർ ജില്ലാ- കൊടുങ്ങല്ലൂർ താലൂക്ക്- പുല്ലൂറ്റ് വില്ലേജ്, ലോകമല്ലേശ്വരം വില്ലേജുകളിലായി - പുല്ലൂറ്റ് സമാന്തര പാല നിർമ്മാണ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റ് ആയ ഭാരത മാതാ എക്സ്റ്റൻഷൻ ഫോർ ഓർഗാനിക് റിസർച്ച് ആൻഡ് എൻവിറോൺമെന്റ്, ബി.എം.സി ക്യാമ്പസ്, തൃക്കാക്കര തയ്യാറാക്കിയ സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട് അംഗീകരിക്കുകയും വിദഗ്ധ സമിതിയുടെ നിരീക്ഷണങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ പുല്ലൂറ്റ് സമാന്തര പാലം നിർമ്മാണത്തിനായി തൃശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിലെ പുല്ലൂറ്റ് വില്ലേജ് സർവ്വെ **561/1, 561/2 ഉം ലോകമല്ലേശ്വരം വില്ലേജ് സർവ്വെ**

**373/3, 375/3, 375/3, 376/6, 1089/3 എന്നിവയിൽ ഉൾപ്പെട്ട 0.1989 ഹെക്ടർ (19.89 ആർ)** ഭൂമി ഏറ്റെടുക്കുന്നതിന് **RFCT LARR Act 2013 വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.**

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് **8** ലെ 3–ാം ഉപവകുപ്പ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുനതിനുമുള്ള തുടർനടപടികൾക്കായി സ്പെഷൽ തഹസിൽദാർ, എൽ.എ കിഫ്ബി, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

Signature Not Verified
Digitally signed by HARITHA V KUMAR IAS
Date: 2021.09.19 23:27:18 PDT
Reason: Approved

ജില്ലാ കളക്ടർ

**DISTRICT COLLECTOR**

സ്വീകർത്താവ്:

1.സ്പെഷൽ തഹസിൽദാർ (എൽ.എ) കിഫ്ബി, തൃശ്ശൂർ.(ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർനടപടികൾക്കുമായി)

2. എക്സിക്യൂട്ടീവ്എഞ്ചിനിയർ, കെ.ആർ.എഫ്.ബി. PMU, Ekm & Tsr യൂണിറ്റ്, എറണാകുളം